# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1811

05.12.2014 ൽ മറുപടിക്ക്

## തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പെർഫോമൻസ് ഓഡിറ്റ്

| | ചോദ്യം<br>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ഉത്തരം<br>ഡോ. എം.കെ.മുനീർ<br>ബഹു.പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി |
|---|---|---|---|
| എ) | 1997 ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ ഒരു വർഷം എത്ര വീതം പെർഫോമൻസ് ഓഡിറ്റ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) | ഗ്രാമ പഞ്ചായത്തുകളിൽ ത്രൈമാസികമായും, മറ്റു തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ അർദ്ധവാർഷികമായുമാണ് പെർഫോമൻസ് ഓഡിറ്റ് നടത്തി വരുന്നത്. |
| ബി) | ഗ്രാമ പഞ്ചായത്തുകളിൽ കൊല്ലത്തിൽ നാല് പ്രാവശ്യവും മറ്റു തദ്ദേശ സ്ഥാപനങ്ങളിൽ കൊല്ലത്തിൽ രണ്ട് പ്രാവശ്യവും പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടോ ; എങ്കിൽ ഏതെല്ലാം തദ്ദേശ സ്ഥാപനങ്ങളിലെന്ന് വിശദമാക്കുമോ ; | ബി) | ജില്ലാ/ ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളിലും, നഗരസഭകളിലും ക്രമപ്രകാരം, നിശ്ചിത ഇടവേളകളിൽ തന്നെ പെർഫോമൻസ് ഓഡിറ്റ് നടത്തിവരുന്നുണ്ട്. എന്നാൽ നഗരസഭകളിലെ പെർഫോമൻസ് ഓഡിറ്റ് വാർഷികാടിസ്ഥാനത്തിലാണ് ഇപ്പോൾ നടന്നു വരുന്നത്. കൂടാതെ ചില നഗരസഭകളിൽ പെർഫോമൻസ് ഓഡിറ്റ് കുടിശ്ശികയുള്ളതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് (വിശദമായ പട്ടിക അനുബന്ധമായി ചേർക്കുന്നു). മറ്റു തദ്ദേശ സ്വയം ഭരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങളിൽ നിന്ന് വ്യത്യസ്ഥമായി, നഗരസഭകളുടെ പെർഫോമൻസ് ഓഡിറ്റ് നടത്തുന്നതിനു മാത്രമായി ഒരു ഉദ്യോഗസ്ഥ സംവിധാനം ഇല്ല. നഗരകാര്യ വകുപ്പ് മേഖലാ ജോയിന്റ് ഡയറക്ടറുടെ കീഴിൽ, മറ്റു ജോലികൾ നിർവ്വഹിക്കുന്നതിനോടൊപ്പമാണ്, നഗരസഭകളിലെ പെർഫോമൻസ് ഓഡിറ്റും നടത്തിവരുന്നത്. ഉദ്യോഗസ്ഥരുടെ അനുദിന ഉത്തരവാദിത്തങ്ങൾക്ക് പുറമെ നിർവ്വഹിക്കേണ്ടിവരുന്ന ജോലിയായതുകൊണ്ടാണ് പലപ്പോഴും പെർഫോമൻസ് ഓഡിറ്റ് കുടിശ്ശികയാകുന്നത്. |
| സി) | ഇത്തരത്തിൽ ഓഡിറ്റ് നടത്തുന്നതിന് വീഴ്ച വരുത്തിയതിന് ബന്ധപ്പെട്ട വിഭാഗത്തിനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നല്കുമോ ? | സി) | അനുദിന ഉത്തരവാദിത്വങ്ങൾക്ക പുറമെ ചെയ്യുന്ന ജോലിയായതിനാലും, ഉദ്യോഗസ്ഥരുടെ എണ്ണം പരിമിതമായതിനാലും, മനപൂർവ്വമല്ലാത്ത കാരണങ്ങളാലുണ്ടാകുന്ന കാലതാമസമായതിനാലും, ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ, നടപടികൾ ഒന്നും ഇതുവരെ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്